**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1418** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വ്യാപനം - നിയന്ത്രണത്തിലെ ഇളവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച മാനദണ്ഡങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ച സാഹചര്യത്തിൽ ആരാധനാലയങ്ങൾക്കും അതു ബാധകമാക്കുമോ; | (എ) | കോവിഡ് രോഗ നിയന്ത്രണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളെ കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ എ, ബി, സി, ഡി എന്നിങ്ങനെ 4 കാറ്റഗറികളായി തരംതിരിച്ചിട്ടുണ്ട്. അവയിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കുറവുള്ള എ, ബി കാറ്റഗറികളിൽ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലെ ആരാധനാലയങ്ങളിൽ പരമാവധി 15 പേർക്ക് പ്രവേശനാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വിശേഷാവസരങ്ങളിൽ പരമാവധി 40 പേർക്കും ആരാധനാലയങ്ങളിൽ പ്രവേശനം അനുവദിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ ശിപാർശ പരിഗണിച്ച് ആവശ്യമെങ്കിൽ ഈ കാര്യത്തിൽ മാറ്റവും വരുത്താറുണ്ട്. |
| (ബി) | നിയന്ത്രണങ്ങൾക്കു വിധേയമായി വെള്ളിയാഴ്ചകളിലെ പ്രാർത്ഥനകൾക്ക് പള്ളികൾ തുറന്നുകൊടുക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കോവിഡ് രോഗ നിയന്ത്രണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളെ കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ എ, ബി, സി, ഡി എന്നിങ്ങനെ 4 കാറ്റഗറികളായി തരംതിരിച്ചിട്ടുണ്ട്. അവയിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കുറവുള്ള എ, ബി കാറ്റഗറികളിൽ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലെ ആരാധനാലയങ്ങളിൽ പരമാവധി 15 പേർക്ക് പ്രവേശനാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വിശേഷാവസരങ്ങളിൽ പരമാവധി 40 പേർക്കും ആരാധനാലയങ്ങളിൽ പ്രവേശനം അനുവദിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ ശിപാർശ പരിഗണിച്ച് ആവശ്യമെങ്കിൽ ഈ കാര്യത്തിൽ മാറ്റവും വരുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ